**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 539** **13-01-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിന്റെ ചുമതലയുള്ള എൻ.ഐ.സി.ഡി.ഐ.റ്റി, കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി ആരംഭിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴി. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. കിൻഫ്രയും വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള National Industrial Corridor Development & Implementation Trust (NICDIT) ചേർന്ന് സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA), NICDIT യും കിൻഫ്രയും തമ്മിലുള്ള Share Holders Agreement (SHA) ഒക്ടോബർ 22, 2020 ന് ഒപ്പുവച്ചു. |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50% ഉം NICDIT യുടെ 50% ഉം പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ NICDIT ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട് പഠനം നടന്നു വരുന്നു. പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിന് SPV രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളും പുരോഗമിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ